(സി) 1974-ലെ 'വാട്ടർ റിസോർസസ് ഓഫ് കേരള' എന്ന പഠന റിപ്പോർട്ട് പരിഷ്ക്കരിക്കാനുള്ള നടപടി നടന്നുവരുന്നു. ഘട്ടംഘട്ടമായി കേരളത്തിലെ 44 നദികളുടേയും ജലസംബന്ധമായ എല്ലാ വിവരങ്ങളും സമാഹരിച്ച് പ്രസിദ്ധപ്പെടുത്തുവാനാണ് ഉദ്ദേശ്യം. 2002 ഡിസംബർ മാസത്തിൽ നെയ്യാർ, കരുവണ്ണൂർ, കുറ്റ്യാടി എന്നീ മൂന്ന് നദികളുടെ റിപ്പോർട്ട് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് നൽകുകയുണ്ടായി.

മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗം തടയുന്നതിനുള്ള നടപടി

*14 [881] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യങ്ങൾക്ക് രോഗം പടർന്നുപിടിക്കുന്നതുമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന നഷ്ടം തടയുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

(1) മത്സ്യഫെഡിൽനിന്ന് കുഞ്ഞുങ്ങളെ വാങ്ങിയ കർഷകർക്ക് സബ്സിഡി നിരക്കിൽ കുഞ്ഞുങ്ങളെ നൽകും. കർഷകർ അതിനായി അവരുടെ പേരു വിവരങ്ങൾ 'അഡാക്ക്'-നെ അറിയിക്കേണ്ടതാണ്.

(2) ഗ്രൂപ്പ് ഇൻഷറൻസ് കൊണ്ടുവരുന്ന കാര്യം പരിഗണിക്കും.

(3) ഗ്രൂപ്പ് ഫാമിംഗ് തുടങ്ങാൻ സഹായിക്കും.

(4) പ്രോൺഫാമിംഗ് കാലാവധി നീട്ടുന്നതിനെക്കുറിച്ച് ആലോചിക്കും.

(5) കൊഞ്ചിന്റെ കുഞ്ഞുങ്ങൾ നഷ്ടമായാൽ ബാങ്കിൽനിന്ന് വായ്പ എടുത്തിട്ടുള്ള കർഷകർക്ക് തിരിച്ചടവ് നടത്തുന്നതിനുള്ള കാലാവധി നീട്ടാൻ ബാങ്കുകളുമായി ചർച്ച നടത്തും.

(6) ജലമലിനീകരണം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കും.

(7) ബോധവൽക്കരണം നടത്തി വേണ്ട നിർദ്ദേശങ്ങൾ കർഷകർക്ക് നൽകും.

(8) ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ ഉദാരമാക്കും.

(9) എം.പി.ഇ.ഡി.എ. സബ്സിഡി ഉപയോഗിച്ച് പി.സി.ആർ. ടെസ്റ്റിംഗ് സെന്ററുകൾ കൂടുതലായി സ്ഥാപിക്കും.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

*15[882] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പിരപ്പൻകോട് മുരളി:
„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly